ഉത്തരം

(എ) ഉണ്ട്. 24-3-2009-ൽ ശ്രീമതി ജെ. ജലജകുമാരിയിൽനിന്നും ലഭിച്ച പരാതി കരകൗശല വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും 27-3-2002-ൽ പരാതിക്കാരി ജോലിയിൽ പ്രവേശിച്ച അവസരത്തിൽ ഇവർക്ക് ഉയർന്ന തസ്തികകൾക്കുള്ള യോഗ്യത ഇല്ലാതിരുന്നതിനാൽ പരാതി നിരസിച്ച് മറുപടി നൽകിയിരുന്നു.

(ബി) ഉണ്ട്. ഇത്തരം പരീക്ഷകൾ പി. & എ. ഡിപ്പാർട്ട്മെന്റാണ് നടത്തുന്നത്. ഇതിനുമുമ്പ് ടൈപ്പിസ്റ്റ് ക്ളാർക്ക്, ക്ളാർക്ക്-കം -സ്റ്റോർകീപ്പർ എന്നീ തസ്തികയിലേക്ക് ടെസ്റ്റ് നടത്തിയിട്ടുണ്ട്.

(സി) ഇപ്പോൾ കൈരളി എറണാകുളം, മുംബൈ വിൽപ്പനശാലകളിലാണ് ടൈപ്പിസ്റ്റ് ക്ളാർക്ക് തസ്തികയിൽ ഒഴിവുള്ളത്. ഈ ഒഴിവുകൾ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് പ്രൊമോഷൻ നൽകി നികത്താനായി ടെസ്റ്റ് നടത്തി. അതിലെ റാങ്കിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ജലജകുമാരി യോഗ്യത നേടിയാൽ പരിഗണിക്കുന്നതാണ്.

ചോറോട് ഓട് വ്യവസായ യൂണിറ്റ്

193 (5083) ശ്രീ. എം. കെ. പ്രേംനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി വ്യവസായ ബോർഡിൽനിന്ന് സഹായധനം സ്വീകരിച്ച് വടകര മണ്ഡലത്തിൽ തുടങ്ങിയ സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വിശദീകരിക്കുമോ ;

(ബി) വടകര ചോറോട് ഓട് വ്യവസായ യൂണിറ്റ് പ്രവർത്തിപ്പിക്കുവാൻ എന്തെങ്കിലും നടപടി വ്യവസായ വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടോയെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

ഓണനാളുകളിലെ കൈത്തറിത്തുണി വിൽപ്പന

194 (5084) ശ്രീ. എൻ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത ഓണനാളുകളിൽ ജില്ലാ കേന്ദ്രങ്ങളിൽ കൈത്തറി തുണിത്തരങ്ങളുടെ പ്രദർശനവും വില്പനയും നടത്തുന്നതിന് സർക്കാർ സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; അത് എന്നത്തേക്ക് നൽകുമെന്ന് വ്യക്തമാക്കുമോ ;

(ബി) കൊല്ലം ജില്ലയിൽ ഇപ്പോൾ നിലവിലുള്ള കൈത്തറി വികസന സമിതിക്ക് കൈത്തറി പ്രദർശന വിൽപ്പനയ്ക്ക് വേണ്ട സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly